**പതിനാലാം കേരള നിയമസഭ**

**<u>രണ്ടാം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4115** **24.10.2016 ൽ മറുപടിയ്ക്ക്**

**<u>സെക്രട്ടേറിയറ്റിലെ കമ്പ്യൂട്ടർവത്ക്കരണം</u>**

| | ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | | മറുപടി<br>ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി ) |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിലെ ഓരോ വകുപ്പിലും കമ്പ്യൂട്ടർവത്ക്കരണം സമയ ബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) യും (ബി ) യും (സി) യും | സെക്രട്ടേറിയറ്റിലെ കമ്പ്യൂട്ടർവത്ക്കരണം പൂർത്തീകരിച്ചിട്ടുണ്ട്.<br>ഫയൽ കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥർക്കും കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നെറ്റ് വർക്ക് സൗകര്യവും നൽകിയിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനും അവ സ്ഥാപിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഐ.ടി ഹാർഡ് വെയർ പോളിസി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | സെക്രട്ടേറിയറ്റിലെ കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയാക്കാൻ എന്തെങ്കിലും സമയപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | | |
| (സി) | ഇത് സംബന്ധിച്ച് സർക്കാർ ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | | |
| (ഡി) | സെക്രട്ടേറിയറ്റിൽ കമ്പ്യൂട്ടർവത്ക്കരണം നടത്താൻ ഏത് വകുപ്പാണ് നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത്; പ്രസ്തുത വകുപ്പ് ആരുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്; വിശദമാക്കാമോ? | (ഡി) | ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യ വകുപ്പാണ് നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത്. പ്രസ്തുത വകുപ്പ് മുഖ്യമന്ത്രിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. ധന വകുപ്പിലെ കമ്പ്യൂട്ടർവത്ക്കരണം ആ വകുപ്പിലെ ഐ.ടി സിസ്റ്റംസിന്റെ മേൽനോട്ടത്തിലാണ് നിർവഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ